(ഡി) റവന്യൂ വകുപ്പിൽ നിന്നും ഇക്കാര്യത്തിൽ പ്രത്യേക ഉത്തരവുകളൊന്നും പുറപ്പെടുവിച്ചിട്ടില്ല.

60 (562) പുതിയ താലൂക്ക് രൂപീകരണം

ശ്രീ. പി.കെ.കെ. ബാവ :
ശ്രീ. ചെർക്കളം അബ്ദുള്ള :
ശ്രീ. സി. മോയിൻകുട്ടി :
ശ്രീ. സി.റ്റി. അഹമ്മദ് അലി :
ശ്രീ. എം.കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ജനസംഖ്യയും വിസ്തൃതിയും ഭരണസൗകര്യവും മുൻനിറുത്തി പുതിയ താലൂക്കുകൾ രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ജില്ല തിരിച്ചുള്ള കണക്ക് വെളിപ്പെടുത്തുമോ;

(സി) തിരുവനന്തപുരം ജില്ലയിൽ പുതിയ താലൂക്ക് എവിടെയാണ് രൂപീകരിക്കാൻ ഉദ്ദേശിക്കുന്നതെന്നു വ്യക്തമാക്കുമോ?

ഉത്തരം

(എ)-(സി) സംസ്ഥാനത്തെ താലൂക്കുകളുടെ പുനഃസംഘടന നടത്തുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ട്. എന്നാൽ ഇക്കാര്യത്തിൽ അന്തിമ തീരുമാനമൊന്നുമെടുത്തിട്ടില്ല.

61.(563) പുതിയ താലൂക്കുകൾ

ശ്രീ. എ. അലിഹസ്സൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ പുതിയ താലൂക്കുകൾ അനുവദിക്കുന്നത് സംബന്ധിച്ച് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ;

(ബി) വർക്കലയിൽ ഏതെല്ലാം വില്ലേജുകൾ ഉൾപ്പെടുത്തിയാണ് താലൂക്ക് രൂപീകരണത്തിന് നിർദ്ദേശം ലഭിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ;

(സി) വർക്കല താലൂക്ക് രൂപീകരിക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ;

(ഡി) വെട്ടൂർ, ചെറുന്നിയൂർ എന്നീ രണ്ടു പഞ്ചായത്തുകൾ ചേർന്നുള്ള ഒറ്റ വില്ലേജ് പഞ്ചായത്തടിസ്ഥാനത്തിൽ വിഭജിക്കുന്നതിനുള്ള നടപടി ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ?

ഉത്തരം

(എ)-(സി) റവന്യൂ യൂണിറ്റുകൾ പുനഃസംഘടിപ്പിക്കുന്നത് സംബന്ധിച്ച കമ്മീഷൻ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ഗവൺമെന്റ് റിപ്പോർട്ട് പരിശോധിച്ചു കൊണ്ടിരിക്കുന്നതേയുള്ളൂ. റിപ്പോർട്ട് ഗവൺമെന്റ് അംഗീകരിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഇതുസംബന്ധിച്ച് ശ്രീ. എ. അലിഹസ്സൻ എം.എൽ.എ.യുടെ ഒരു കത്ത് ലഭിച്ചിട്ടുണ്ട്. പുനഃസംഘടന സംബന്ധിച്ച് തീരുമാനമെടുക്കുമ്പോൾ ഇക്കാര്യവും പരിശോധിച്ച് ഉചിതമായ നടപടി കൈക്കൊള്ളുന്നതാണ്.

62 (564) കൈവശരേഖ നല്കാൻ നടപടി

ശ്രീ. എൻ. കണ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ തിരുവാലി പഞ്ചായത്തിലെ നടുവത്ത് എ.കെ.ജി. കോളനിയിലെ താമസക്കാർക്ക് ഭൂമി കൈവശരേഖ നൽകാൻ സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വെളിപ്പെടുത്തുമോ;

(ബി) കഴിഞ്ഞ 15 വർഷത്തിലധികമായി താമസിക്കുന്ന ഇവർക്ക് അടിയന്തിരമായി കൈവശരേഖ നല്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ;

(സി) ഭൂമിക്ക് കൈവശരേഖ ഇല്ലാത്തതുകൊണ്ട് സർക്കാരിൽ നിന്ന് ലഭിക്കേണ്ട ആനുകൂല്യങ്ങൾ ഒന്നും ലഭിക്കുന്നില്ല എന്നകാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ)-(സി) ഇക്കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേരള ഭൂപരിഷ്കരണ നിയമത്തിന്റെ വ്യവസ്ഥകൾക്കനുസൃതമായി മാത്രമേ കൈവശക്കാർക്ക് ഭൂമി പതിച്ചു നല്കുന്നതിനുള്ള നിർദ്ദേശം പരിഗണിക്കുന്നതിന് സാദ്ധ്യമാവുകയുള്ളു. ഇപ്രകാരമുള്ള വ്യവസ്ഥകളും കൈവശത്തിന്റെ സ്വഭാവവും മറ്റു ഘടകങ്ങളും കണക്കിലെടുത്ത് ഇക്കാര്യത്തിൽ സ്വീകരിക്കാവുന്ന നടപടികൾ ലാന്റ് ബോർഡ് പരിശോധിച്ചു വരികയാണ്.

63 (565) മിച്ചഭൂമി വിതരണം

ശ്രീ. കെ.പി. രാജേന്ദ്രൻ :
ശ്രീ. എൻ. അനിരുദ്ധൻ :
ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ :
ശ്രീ. സത്യൻ മൊകേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭൂമി ഇല്ലാത്ത കുടുംബങ്ങൾ എത്ര; ഇവർക്ക് ഭൂമി നല്കുന്നതിന് സർക്കാർ സ്വീകരിച്ചു വരുന്ന പ്രവർത്തനങ്ങൾ വിശദമാക്കുമോ;

(ബി) സംസ്ഥാനത്തുള്ള മിച്ചഭൂമി മുഴുവൻ ഭൂരഹിതരായവർക്ക് വിതരണം ചെയ്യുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ്;

(സി) വിതരണം ചെയ്യുന്നതിനായി സർക്കാരിന്റെ കൈവശമുള്ള മിച്ചഭൂമി എത്ര; ഇതിന്റെ ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ;

(ഡി) റവന്യൂ-ഫോറസ്റ്റ് വെരിഫിക്കേഷൻ പൂർത്തിയായിട്ടുള്ള ഭൂമി എത്ര; ഈ ഭൂമി വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly